**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 640** **02-02-2023 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് വ്യവസായ പാർക്ക്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ? | (എ) | കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി 99.98 ഏക്കർ ഭൂമിയുടെ മുൻകൂർ കൈവശാവകാശമാണ് വ്യവസായ വാണിജ്യ വകുപ്പിന് ലഭിച്ചിട്ടുള്ളത്. എന്നാൽ റീ സർവ്വേ പ്രകാരം 82.82 ഏക്കർ ഭൂമിയായി ഭൂവിസ്തൃതി നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പാർക്കിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനായി 4.9 കോടി രൂപ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. അപ്രോച്ച് റോഡ് നിർമ്മാണത്തിന് കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ നിന്നും അനുമതി കിട്ടിയിട്ടുണ്ട്. വൈദ്യുതി സംവിധാനം, ഇന്റേണൽ റോഡ് എന്നിവയ്ക്കുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. നടപടികൾ സ്വീകരിച്ചു വരുന്നു. സംരംഭകർക്ക് ഭൂമി അനുവദിക്കുന്നതിന്, ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ